# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2494 | 18/06/2014 ൽ മറുപടിയ്ക്ക്

## കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ നടപടി

ചോദ്യം
ശ്രീ.പി.കെ.ബഷീർ

മറുപടി
ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി)

(എ) മഴയുടെ അളവ് കുറയുകയും കുടിവെള്ളക്ഷാമം രൂക്ഷമാവുകയും ചെയ്യുന്ന സാഹചര്യമാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് കണക്കിലെടുത്ത് ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും ജലസംരക്ഷണത്തിനും കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ; വ്യക്തമാക്കുമോ?

(എ) ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാനായി കഴിഞ്ഞ കുറെ വർഷങ്ങളായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയിൻ പ്രകാരം ചെറിയ തടയണകൾ, മഴക്കുഴികൾ, വി.സി.ബി കൾ, അടിയണകൾ എന്നിവയുടെ നിർമ്മാണവും തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണവും നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൻ കീഴിൽ 2013-14സാമ്പത്തിക വർഷത്തിൽ 75 പദ്ധതികൾ പൂർത്തീകരിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൻ കീഴിൽ 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേരള സംസ്ഥാനത്ത്, ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന കേരള ഭൂജലം (നിയന്ത്രണംവും ക്രമീകരണവും) ആക്റ്റ് സംസ്ഥാനത്ത് നിലവിലുണ്ട്. ഇതിൻ പ്രകാരം രൂപീകൃതമായ കേരള സംസ്ഥാന ഭൂജല അതോറിറ്റി സംസ്ഥാനത്ത് ജല സംരക്ഷണത്തിനായി വിവിധ നടപടികൾ സ്വീകരിക്കാറുണ്ട്.

കുടിവെള്ളം ഭാഗീകമായോ പൂർണ്ണമായോ ഉറപ്പാക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. ശാസ്ത്രീയമായ രീതിയിൽ ഭൂജല പര്യവേഷണം നടത്തി കുഴൽ കിണർ നിർമ്മിച്ച് അതിലുള്ള ഭൂജല ലഭ്യതയുടെ അളവ് അനുസരിച്ച് ചെറുകിട കുടിവെള്ള വിതരണ പദ്ധതിയോ ഹാൻഡ് പമ്പ് ഘടിപ്പിച്ച പദ്ധതിയോ പൂർത്തീകരിച്ചു വരുന്നു.

ജലനിധിയുടെ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തിനും ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ വേണ്ടി ഗവൺമെന്റ് 80% വും അതാത് പഞ്ചായത്ത് 20% വും വിഹിതമായി ഓരോ പഞ്ചായത്തിനും 30 ലക്ഷം രൂപ

# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2495 — **18.06.2014 -ൽ മറുപടിയ്ക്ക്**

## ഭൂജല വകുപ്പിലെ വാഹനങ്ങൾ

**ചോദ്യം**
ശ്രീ. ഇ.ചന്ദ്രശേഖരൻ

**ഉത്തരം**
ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പു മന്ത്രി)

എ) ഭൂജല സർവ്വെ ആവശ്യത്തിനും ഡ്രില്ലിംഗ് സംബന്ധമായ ആവശ്യങ്ങൾക്കുമായി മുഴുവൻ സമയ ഫീൽഡ് ജോലികൾക്ക് ഓരോ ജില്ലയിലും ഭൂജല വകുപ്പിന് എത്ര വാഹനങ്ങൾ ലഭ്യമായിട്ടുണ്ട്; പട്ടിക ലഭ്യമാക്കുമോ ;

എ) ഭൂജല വകുപ്പ് ജില്ലാ ഓഫീസുകളിൽ നിലവിലുള്ള വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | വാഹനങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|
| 1.തിരുവനന്തപുരം | 3 | |
| 2.കൊല്ലം | 3 | |
| 3.ആലപ്പുഴ | 3 | |
| 4. പത്തനംതിട്ട | 2 | 1 റിപ്പയർ |
| 5. കോട്ടയം | 3 | |
| 6. എറണാകുളം | 1 | |
| 7. ഇടുക്കി | 2 | |
| 8. തൃശ്ശൂർ | 3 | 2 റിപ്പയർ |
| 9. പാലക്കാട് | 3 | 1 റിപ്പയർ |
| 10. മലപ്പുറം | 1 | |
| 11. കോഴിക്കോട് | 2 | 1 റിപ്പയർ |
| 12. വയനാട് | 1 | |
| 13. കണ്ണൂർ | 2 | |
| 14. കാസർഗോഡ് | 0 | |

| | | | |
|---|---|---|---|
| ബി) | നിലവിൽ യാത്രാ വാഹനങ്ങൾ ഇല്ലാത്ത ജില്ലാ ഓഫീസുകൾ ഉണ്ടോ ; | ബി & സി | കാസർഗോഡ് ജില്ലാ ഓഫീസിൽ നിലവിൽ വാഹനമില്ല. കഴിഞ്ഞ സാമ്പത്തികവർഷം പുതിയ വാഹനം വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം ഉണ്ടായിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് കഴിഞ്ഞില്ല. നടപ്പു സാമ്പത്തികവർഷം വാഹനം വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടില്ല. |
| സി) | ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലാ ഓഫീസുകളിലാണ് വാഹനങ്ങൾ ഇല്ലാത്തത്; പ്രസ്തുത ഓഫീസുകൾക്ക് വാഹനങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ; | | |
| ഡി) | ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്ത ഓഫീസുകൾക്ക് പകരം വാഹനം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഡി) | സ്വീകരിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ സാമ്പത്തികക്രമീകരണത്തിന്റെ ഭാഗമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് കഴിഞ്ഞില്ല. |
| ഇ) | ഭൂജല വകുപ്പ് കാസർഗോഡ് ജില്ലാ ഓഫീസിലെ ഉപയോഗശൂന്യമായ വാഹനം മാറ്റി പകരം വാഹനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) | പത്തനംതിട്ട ജില്ലയിലെ 2 വാഹനങ്ങളിൽ ഒരെണ്ണം കാസർഗോഡ് ജില്ലാ ഓഫീസിന് നൽകുന്നതിനായി നടപടിയെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ